# പരി. ലാസലെറ്റ് മാതാവിന്റെ 175-ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## ഫെബ്രുവരി 2021

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19-ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175-ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

വി. മത്തായി 12 :43 – 45

### ധ്യാനചിന്തകൾ:- ‘‘അശ്രദ്ധകൊണ്ട് വരുത്തിവെയ്ക്കുന്ന വിധികൾ’’

കേരളാ ട്രാഫിക് പോലീസ്, റോഡിലെ അപകട മേഖലകളിൽ എഴുതിവെയ്ക്കുന്ന പല സന്ദേശങ്ങളും നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നവയാണ്. അത്തരത്തിലുള്ള ഒരു സന്ദേശമാണ്, ‘‘ശ്രദ്ധ മരിക്കുന്നിടത്ത് അപകടം ജനിക്കുന്നു’’ എന്നത് റോഡിൽ വാഹനം ഓടിക്കുമ്പോൾ മാത്രമല്ല, ജീവിതത്തിലെ എല്ലാ മേഖലകളിലും ശ്രദ്ധ മരിക്കുന്നിടത്ത് അപകടം ജനിക്കുന്നുണ്ട്. നാം വായിച്ച സുവിശേഷഭാഗത്തിലും അശുദ്ധാത്മാവ് ഇറങ്ങിപ്പോയ മനുഷ്യൻ വീട് അടിച്ചുവാരി

സൂക്ഷിച്ചിട്ട്, അശുദ്ധതയിൽ വിശുദ്ധി നിറച്ചിരുന്നുവെങ്കിൽ പഴയതിലും ഭീകരമായ സ്ഥിതിയിലേക്ക് അധഃപതിക്കാതെ രക്ഷപ്പെടുമായിരുന്നു. ആ മനുഷ്യന്റെ അശ്രദ്ധ പഴയതിലും മോശമായ സ്ഥിതിയിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. നൈമിഷികമായ ചില സുഖങ്ങളാണ് അശ്രദ്ധയ്ക്ക് വഴിവെയ്ക്കുക. നീർകുമിളപോലുള്ള ആ സുഖങ്ങൾ പലപ്പോഴും ഒരിക്കലും തീർക്കാനാവാത്ത നഷ്ടങ്ങളും സമ്മാനിക്കും. വാഹനം ഓടിക്കുമ്പോൾ അൽപം മയങ്ങുന്നതും, മദ്യപാനത്തിന്റെ സുഖത്തിനായിപോകുന്നതും, ഓവർ സ്പീഡിൽ രസിക്കുന്നതുമെല്ലാം പലപ്പോഴും വരുത്തിവെയ്ക്കുന്ന അപകടങ്ങൾ ജീവിതം കൊണ്ടു കണക്കുപറയേണ്ടിവരുന്നതാകുന്നു. ഉൽപത്തി പുസ്തകം മുതൽ വെളിപ്പാട് വരെ ദൈവം മനുഷ്യനെ അശ്രദ്ധയിൽ നിന്നും ഉണർത്താനും പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാനുമാണ് പ്രേരിപ്പിക്കുന്നത്.

അനിയന്ത്രിതമായ സുഖത്തിനുവേണ്ടി പറുദീസാ നഷ്ടപ്പെടുത്തി മരണം ഇരന്നു വാങ്ങിയ പൂർവ്വ പിതാക്കൻമാരുടെ തലമുറക്കാരായ നമ്മൾ ഇന്നും സുഖത്തിനു പുറകെയുള്ള ഓട്ടം നിറുത്തിയിട്ടില്ല. ഒരു കോപ്പ ചെറുപയർ പായസത്തിന്റെ സുഖത്തിനായി കടിഞ്ഞൂൽ അവകാശം നഷ്ടപ്പെടുത്തിയ ഏസാവും, 'രാജാവ് ജനത്തിനും സ്വത്തിനും കാവൽക്കാരനും വേലിയുമായിരിക്കുമെന്ന്' പ്രതിജ്ഞ എടുത്ത് ഭരണത്തിലേറിയ ദാവീദ് രാജാവ് ജനത്തെ മറന്ന് അന്തഃപുരത്തിൽ നിദ്രയിൽ മുഴുകുന്നതും, വേലിവിളവ് തിന്നുതും, വ്യഭിചാരം മറക്കാൻ കൊലപാതകിയാകുന്നതും വരുത്തിവെയ്ക്കുന്ന വിധികൾ സാമൂവേലിന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നുണ്ട്. പുതിയ നിയമത്തിലും കാര്യങ്ങൾ വ്യത്യസ്തമല്ല. 30 വെള്ളി കാശിന് ഗുരുവിനെ ഒറ്റിയ യൂദാസ് ജീവിതം സ്വയം നഷ്ടപ്പെടുത്തുന്ന വിധിയാണ് വരുത്തിവെയ്ക്കുന്നത്. ഭയമെന്ന വികാരത്തിനടിമപ്പെട്ട താൻ ആരെന്നും ഇതുവരെ എന്തു പറഞ്ഞെന്നും മറന്നുപോയ പത്രോസും നമുക്ക് നൽകുന്ന പാഠം വ്യത്യസ്തമല്ല.

പരി. ലാസലെറ്റ് മാതാവും ലാസലെറ്റ് മലയിൽ ഓർമ്മപ്പെടുത്തുന്നത് അശ്രദ്ധമൂലം വരുത്തിവെയ്ക്കുന്ന വിധികളെ കുറിച്ചുതന്നെയാണ്. പുത്രന്റെ വിധിയുടെ കരങ്ങളെ താൻ താങ്ങി നിർത്തിയിരിക്കുകയാണെന്നും, ഇനിയും പശ്ചാത്തപിക്കാതെയും അനുരഞ്ജനപ്പെടാതെയും മുന്നോട്ടുപോയാൽ തനിക്ക് ഇനിയും ആ വിധിയുടെ കരങ്ങൾ താങ്ങി നിർത്താൻ സാധിക്കാതെവരും എന്ന് അമ്മയുടെ വാക്കുകൾ നമ്മുടെ കണ്ണുകൾ തുറക്കട്ടെ. 44 പുഴകളും എണ്ണമില്ലാത്ത തോടുകളുമുള്ള നമ്മുടെ കേരളത്തിൽ വെള്ളപൊക്കം ഒരിക്കലും ഉണ്ടാകില്ല എന്നു ചിന്തിച്ചിരുന്ന നമുക്ക് 2018 ലെ പ്രളയം ഒരിക്കലും മറക്കാൻ ആവാത്ത കാഴ്ചകളും ദുരിതങ്ങളുമാണ് സമ്മാനിച്ചത്. 2019 – ഒക്ടോബർ മാസത്തിൽ 'കൊറോണ വൈറസ്' എന്നത് ചൈനയിൽ എവിടെയോ ഉള്ള രോഗം മാത്രമായിരുന്നുവെങ്കിൽ 5 മാസങ്ങൾക്കിപ്പുറം 2020 മാർച്ചിൽ ലോകം മുഴുവനും കതകടച്ചിരിക്കേണ്ട സ്ഥിതി വരെ എത്തിച്ച മഹാരോഗമായി. കള്ളൻ വരുന്നത് എപ്പോഴാണെന്ന് വീട്ടുടമസ്ഥൻ അറിഞ്ഞിരുന്നെങ്കിൽ ജാഗ്രതയോടെ കാത്തിരുന്നേനെ എന്ന ക്രിസ്തുവചനം, സമയം അറിയായ്കയാൽ എപ്പോഴും ഒരുങ്ങിയിരിക്കുകയേ തരമുള്ളു എന്ന് ഓർമ്മപ്പെടുത്തുന്നു. പുത്രന്റെ രണ്ടാം വരവിനെപ്പറ്റി പിതാവിനല്ലാതെ മറ്റാർക്കും തിട്ടമില്ലല്ലോ. അശ്രദ്ധയുടെ വഴിനടക്കാതെ, ശ്രദ്ധയോടെ പുത്രന്റെ വിധിക്ക് അധീനരാകാതെ ജീവിക്കാൻ നമുക്ക് പരി. അമ്മയോടു ചേർന്നു പഠിക്കാം.

**വിചിന്തനം നടത്താം.**

- നൈമിഷികമായ സുഖങ്ങളാണോ, നിത്യജീവനായുള്ള പരിശ്രമമാണോ എന്നെ ഭരിക്കുന്നത്?
- പാപത്തിനടിമപ്പെടാതെ ജീവിക്കാൻ ഞാൻ എന്റെ കുടുംബത്തിനു മാതൃക നൽകുന്നുണ്ടോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ കർത്താവേ പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് അപേക്ഷിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: പാപസാഹചര്യങ്ങളിലും തിന്മകളിലും അകപ്പെടാതെ ദൈവത്തിലാശ്രയിച്ച് പുത്രന്റെ വിധിയുടെ കരങ്ങളെ അതിജീവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ എന്ന് അപേക്ഷിക്കാം.

സമൂഹം: കർത്താവേ,....

ലീഡർ: ദൈവവിളി സ്വീകരിച്ച് സന്യാസ വൈദിക പരിശീലനത്തിലായിരിക്കുന്നവർ, പ്രത്യേകമായി ലാസലെറ്റ് സഭയിൽ പരിശീലനത്തിലായിരിക്കുന്നവർ വിശുദ്ധിയോടെ വിളിയിൽ ഉറച്ചു നൽക്കാൻ വരം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: കർത്താവേ, വിവാഹ പ്രായമായിട്ടും വിവാഹം നടക്കാതെ നിരാശയിൽ ജീവിക്കുന്ന യുവജനങ്ങൾക്ക് ഉത്തമ ജീവിത പങ്കാളികളെ നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമുക്കെല്ലാവർക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളും, കുടുബത്തിന്റെ ആവശ്യങ്ങളും പരി. ലാസലെറ്റ് മാതാവുവഴി നിശബ്ദമായി ദൈവത്തിനു സമർപ്പിക്കാം.

**നമുക്ക് പ്രാർത്ഥിക്കാം.**

കർത്താവായ ദൈവമേ, അനുദിനം പാപപ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിച്ചവനേ, ജീവിതത്തിൽ പാപത്തിന്റെ സുഖങ്ങളിൽ മുഴുകി സ്വയം നഷ്ടപ്പെടുത്തുന്നവരാകാതെ, ശ്രദ്ധയോടെ ദൈവ തിരുമനസിനു കീഴ്‌വഴങ്ങുവാൻ ഞങ്ങളെ പഠിപ്പിക്കണമേ, പരി. അമ്മയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി പുത്രന്റെ വിധിയുടെ കരങ്ങളിൽ നിന്നും മാറിനടക്കുവാൻ ഞങ്ങളെ സഹായിക്കണമേ. നിത്യ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും ആമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**സമാപനഗാനം**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu